

അടിയോടിക്കുന്നിന്റെ പാതകളിലും താഴ്‌വരയിലും വെട്ടം വീണപ്പോൾ പക്ഷികൾ കൂട്ടം കൂട്ടമായി പുറത്തേക്ക് വന്നു. എന്നാൽ പുതിയ പ്രഭാതത്തെ വരവേൽക്കാനുള്ള ആവേശം അവരിൽ കണ്ടില്ല. അടിയോടിക്കുന്നിൽ അന്തിയുറങ്ങി, കളി തമാശകൾ പറഞ്ഞ്, തങ്ങളിൽ ഒരാളായി മാറിയ ദേശാടനപ്പക്ഷികൾ ഇന്ന് നാട്ടിലേക്ക് മടങ്ങുകയാണ്. അവരെ പിരിയുന്നതിലുള്ള ദുഃഖം എല്ലാ പക്ഷികളുടെയും മുഖത്ത് തെളിഞ്ഞു കാണാമായിരുന്നു.

അടിയോടിക്കുന്നിന്റെ താഴ്‌വരകൾ പൂത്തുലഞ്ഞു. പൂമണമെങ്ങും പരന്നു. തടാകക്കരയിലെ പൂമരച്ചോട്ടിൽ പക്ഷികൾ രാവിലെ തന്നെ എത്തിയിരുന്നു. മൂന്നുമാസങ്ങൾക്കു മുമ്പ് അതിഥികളായി എത്തിയ ദേശാടനക്കിളികൾ കൂട്ടം കൂട്ടമായാണ് വന്നത്. ആതിഥേയരായ കുഞ്ഞു പറവകൾ കാട്ടുപൂക്കൾ നൽകി അവരെ സ്വീകരിച്ചു.

അടിയോടിക്കുന്നിന്റെ താഴ്‌വരയോട് ചേർന്നാണ് ആവളപ്പാണ്ടി. മലബാറിന്റെ നെല്ലറയാണത്. വിരുന്നു വന്ന ദേശാടനപ്പക്ഷികൾ ആവളപ്പാണ്ടിയിലും അടിയോടിക്കുന്നിലും പരിസരങ്ങളിലുമാണ് കഴിഞ്ഞുകൂടിയത്. ഇതിനിടയിൽ ഇവിടങ്ങളിലുള്ള എല്ലാ പറവകളുമായി നല്ല സൗഹൃദം പുലർത്താൻ

▸▸ ഗോയിറ്റർ രോഗം ഏത് ഗ്രന്ഥിയെ ബാധിക്കുന്നതാണ്– തൈറോയ്ഡ് ഗ്രന്ഥി

# അടിയോടിക്കുന്നിലെ പറവകൾ

• ബാലകൃഷ്ണൻ എടക്കയിൽ

അവർക്കു കഴിഞ്ഞു. അതുകൊണ്ടുതന്നെ എല്ലാ നാട്ടുപക്ഷികളും അവരെ യാത്രയാക്കാൻ എത്തിയിരുന്നു.

''ചിരിച്ചും കളിച്ചും കഥ പറഞ്ഞും പാട്ടുപാടിയും കഴിഞ്ഞ ആ മൂന്ന് മാസങ്ങൾ എത്ര പെട്ടെന്നാണ് കഴിഞ്ഞുപോയത്!'' നാണം കുണുങ്ങിയായ പൈങ്കിളിപ്പെണ്ണ് വേദന കടിച്ചമർത്തിക്കൊണ്ടാണ് അങ്ങനെ പറഞ്ഞത്.

ദേശാടനപ്പക്ഷികൾ വന്നതു മുതൽ ആതിഥേയരായ പക്ഷികൾ അവരുടെ സംരക്ഷണം ഏറ്റെടുത്തിരുന്നു. എല്ലാ കാലത്തും അത് അങ്ങനെ തന്നെയായിരുന്നു. അവർ അന്തിയുറങ്ങിയത് അടിയോടിക്കുന്നിന്റെ താഴ്വരയിലാണ്. അവർക്ക് പാർക്കാൻ പറ്റിയ വൃക്ഷങ്ങൾ ഒഴിഞ്ഞു കൊടുക്കാൻ നാട്ടു പക്ഷികൾ നേരത്തെത്തന്നെ ഒരുക്കങ്ങൾ ചെയ്തിരുന്നു.

അന്തിക്ക് ദേശാടനപ്പക്ഷികൾ കുന്നിൻചെരിവിലെ മരങ്ങളിൽ കൂടണയുമ്പോൾ നാട്ടുപക്ഷികൾ ആ മരങ്ങളിൽ ചെന്ന് ഏറെനേരം നാട്ടുവർത്തമാനങ്ങൾ പറ ഞ്ഞിരിക്കും. ഓരോ ദിവസത്തെ അനുഭവങ്ങളും അവർ പങ്കുവെക്കും. തൊട്ടടുത്ത മരങ്ങളിലാണ് നാട്ടുപക്ഷികൾ അന്തിയുറങ്ങുന്നത്. അതുകൊണ്ടുതന്നെ അവരുടെ സംസാരം പാതിരാ വരെ നീളുമായിരുന്നു.

ഭക്ഷണത്തിനു യാതൊരു പഞ്ഞവുമില്ല. കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ രുചിയുള്ള പുതിയ മൽസ്യങ്ങളൊക്കെ കിട്ടിയിരുന്നു. നാട്ടുകാർ പൊതുവെ സ്നേഹമുള്ളവരായതുകൊണ്ടാണ് ഇവിടെ പിടിച്ചു നിൽക്കാൻ പറ്റുന്നത്. കഴിഞ്ഞ ദിവസം ഒരു പയ്യൻ ഞങ്ങളെ ആക്രമിക്കാൻ കവണയുമായി വന്നിരുന്നു. ഞങ്ങൾ ബഹളം വെച്ചു. ഉടനെ നാട്ടുകാർ വന്ന് അവനെ പിടിച്ചുമാറ്റി. പിന്നെ യാതൊരു പ്രശ്നവുമുണ്ടായില്ല.

സ്വതവേ വാ



▸▸ ഏറ്റവും വലിയ അന്തഃസ്രാവി ഗ്രന്ഥി– പിയൂഷ ഗ്രന്ഥി (പിറ്റ്യൂട്ടറി) ഗ്രന്ഥി



ചാലനായ മലേഷ്യൻ നീളൻകൊക്കിനാണ് കുഞ്ഞുങ്ങളുടെ സുരക്ഷ ചുമതല.

“അടിയോടിക്കുന്നും, ആവളപ്പാണ്ടിയും ഞങ്ങളുടെ മനസ്സിൽ എന്നും പച്ച പിടിച്ച് നിൽക്കും. ചെറിയ പറവകൾ മുതൽ വലിയ പക്ഷികൾ വരെ ഞങ്ങൾക്കൊപ്പം നിന്നിട്ടുണ്ട്. നൂറു കണക്കിന് കിലോമീറ്റർ അകലെ മലേഷ്യയിൽ നിന്ന് വന്ന ഞങ്ങൾക്ക് പാർപ്പിടം ഒരുക്കിത്തന്നതിനും കൂടുപണിയാൻ സഹായിച്ചതിനും പ്രത്യേകം നന്ദി.” ദേശാടനക്കിളികളുടെ നേതാവായ മുതിർന്ന കൊക്ക് പറഞ്ഞു.

“ഞങ്ങൾ ചെയ്തത് ചെറിയ സഹായങ്ങൾ മാത്രമാണ്. അതൊക്കെ ഞങ്ങളുടെ കടമയല്ലേ?” ഇല്ലിക്കാട്ടിലെ കൊറ്റിയമ്മ പറഞ്ഞു.

വർഷങ്ങളായി തവളപ്പാണ്ടി തരിശായി കിടക്കുകയായിരുന്നു. നിറയെ കളയും പുല്ലും കാടും. എന്നാൽ, ഈ പ്രാവശ്യം വന്നപ്പോൾ കതിരണിഞ്ഞു നിൽക്കുന്ന പാടങ്ങൾ കണ്ട് ഞങ്ങൾ അന്തം വിട്ടുപോയി. അന്വേഷിച്ചപ്പോഴാണ് വിവരം അറിഞ്ഞത്. നാട്ടുകാരായ കർഷകരുടെയും കർഷകതൊഴിലാളിയുടെയും കൂട്ടായ്മയിൽ കൃഷി വകുപ്പിന്റെയും ഗ്രാമ പഞ്ചായത്തിന്റെയും സഹകരണത്തോടെ കൃഷിയിറക്കിയതാണത്രെ.

“ജൈവകൃഷി വിത്തിടുന്നതിന്റെയും ഞാറു നടുന്നതിന്റെയും വീഡിയോ ദൃശ്യങ്ങൾ കാണാനിടയായി. ഒരു ഗ്രാമോൽസവം തന്നെയായിരുന്നു അതെന്ന് തോന്നി. നൂറുമേനി പ്രതീക്ഷിക്കാം. കൊയ്ത്തുൽസവം ഗംഭീരമായി നടക്കട്ടെ. അതുകാണാനുള്ള ഭാഗ്യം ഞങ്ങൾക്കില്ലാതെ പോയി.” ചീണക്കൊക്ക് പറഞ്ഞു.

മലബാറിന്റെ നെല്ലറയാണ് ആവളപ്പാണ്ടിയെന്ന് ഞങ്ങളുടെ കാരണവൻമാർ പറഞ്ഞു കേട്ടിട്ടുണ്ട്. അതിന്റെ പ്രതാപം കെട്ടുപോയെന്ന് പറഞ്ഞപ്പോൾ അവർ ഏറെ ദുഃഖിച്ചിരുന്നു. നാട്ടിൽ എത്തിയാൽ ഞങ്ങൾ ആദ്യം പറയുക ആവളപ്പാണ്ടിയുടെ പ്രതാപം വീണ്ടെടുത്ത കഥയായിരിക്കും. യുവാവായ വർണക്കൊക്കിന്റെ വാക്കുകളിൽ പ്രതീക്ഷയുടെ തിരയിളക്കം.

“ഞങ്ങൾ കുറച്ചുകാലമായി സ്ഥിരമായി ദേശാടനത്തിന് വരുന്നത് ഇവിടെയാണ്. ഞങ്ങളുടെ നാട്ടിലെ കൊടുംതണുപ്പിൽ നിന്ന് രക്ഷ നേടാൻ വേണ്ടിയുള്ള ഒരു കൂടുമാറ്റം. അതിനിടയിൽ മുട്ടവിരിഞ്ഞു പുറത്തുവന്ന ഞങ്ങളുടെ കുഞ്ഞുങ്ങൾ ഒരുവിധം പറക്കാൻ പഠിച്ചു. എല്ലാം പരിചയപ്പെട്ടു വരുന്നതേയുള്ളൂ. അവരെയും കൊണ്ടാണ് ഇനി ഞങ്ങളുടെ മടക്കം.” മധ്യവയസ്കനായ കൊക്കിന്റെ വാക്കുകളിൽ ആശങ്ക നിഴലിച്ചിരുന്നു.

“ഭയപ്പെടാനൊന്നുമില്ല, കുഞ്ഞുങ്ങൾ നന്നായി പറക്കുന്നത് കണ്ടു. ഇടത്താവളങ്ങളിൽ കുറച്ച് വിശ്രമിച്ച ശേഷം യാത്ര തുടർന്നാൽ മതി.” ചെമ്പോത്ത് ഉപദേശിച്ചു.

തേൻ കുരുവി കൊണ്ടുവന്ന കാട്ടുതേൻ എല്ലാവർക്കുമായി വിളമ്പി. നാട്ടുപക്ഷികളെ കെട്ടിപ്പിടിച്ച് നന്ദിയും കടപ്പാടുമറിയിച്ച് ദേശാടനക്കിളികൾ യാത്രയായി. എല്ലാവരുടെയും മിഴികൾ നിറഞ്ഞു തുളുമ്പി.

“കരയാതെ മക്കളേ, ആയുസ്സുണ്ടെങ്കിൽ ഞങ്ങൾ അടുത്ത വർഷവും വരും.”

മധ്യവയസ്കയായ കൊക്കമ്മ കണ്ഠമിടറി പറഞ്ഞു.

“ആ വരവിൽ നിങ്ങൾ എല്ലാവരും ഉണ്ടാകണേ എന്നാണ് ഞങ്ങളുടെ പ്രാർത്ഥന” നീർകാക്ക പറഞ്ഞു.

തവളപാണ്ടിവരെ നാട്ടുപക്ഷികൾ അവരെ അനുഗമിച്ചു. പിന്നെ, എല്ലാവരും മൂകരായി അടിയോടിക്കുന്നിന്റെ താഴ്വരയിലേക്ക് തിരിച്ചു പോന്നു.

•

## കൊട്ടാരങ്ങളുടെ നഗരം



പശ്ചിമ ബംഗാളിന്റെ തലസ്ഥാനമായ കൊൽക്കത്ത ഹൂഗ്ലി നദീതീരത്താണ് സ്ഥിതി ചെയ്യുന്നത്. കൊൽക്കത്ത കൊട്ടാരങ്ങളുടെ നഗരം എന്നറിയപ്പെടുന്നു.

▸▸ 2020 എന്തിന് പ്രാമുഖ്യം നൽകി ആചരിക്കാനാണ് യു.എൻ സഭ തീരുമാനിച്ചത്– പ്ലാന്റ് ഹെൽത്ത്